പതിനാലാം കേരള നിയമസഭ
പതിനഞ്ചാം സമ്മേളനം

2019 മെയ് 29, ബുധൻ

നക്ഷത്രചിഹ്നമിടാത്ത ചോദ്യങ്ങൾ

## ആരോഗ്യ ഇൻഷ്വറൻസ് പദ്ധതി

ചോദ്യം : T 568
ശ്രീ. വി.എസ്. ശിവകുമാർ

മറുപടി :
ഡോ. ടി.എം. തോമസ് ഐസക്ക്
ധനകാര്യവും കയറും വകുപ്പ് മന്ത്രി

| | ചോദ്യം | മറുപടി |
|---|---|---|
| (എ) | സർക്കാർ ജീവനക്കാർക്കും പെൻഷൻകാർക്കുമായി പ്രഖ്യാപിച്ച ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നിർവ്വഹണം ഏത് സ്ഥാപനത്തിനാണ് നൽകിയിരിക്കുന്നത്; പ്രസ്തുത സ്ഥാപനം ക്വാട്ട് ചെയ്ത തുക എത്രയാണെന്ന് വ്യക്തമാക്കുമോ; | ആരോഗ്യ ഇൻഷ്വറൻസ് പദ്ധതിയുടെ നടത്തിപ്പ് ചുമതല റിലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡിനാണ് നൽകിയിരിക്കുന്നത്. പ്രസ്തുത സ്ഥാപനം രേഖപ്പെടുത്തിയ വാർഷിക പ്രീമിയം തുക ₹ 2992.48 (18% GST ഉൾപ്പെടെ) ആണ്. |
| (ബി) | ഇ-ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങളുടെ വിശദാംശങ്ങൾ ലഭ്യമാക്കുമോ; അവർ ക്വോട്ട് ചെയ്ത നിരക്കുകൾ വ്യക്തമാക്കുമോ; | ഇ-ടെണ്ടറിൽ പങ്കെടുത്ത മറ്റ് സ്ഥാപനങ്ങൾ ക്വോട്ട് ചെയ്ത നിരക്കുകൾ താഴെപ്പറയുന്നു.<br><br>1.നാഷണൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹ 7298<br>2.ഓറിയന്റൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹ 6772<br>3.ന്യൂ ഇന്ത്യ അഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹17700<br>4.ബജാജ് അലയൻസ് ജനറൽ ഇൻഷ്വറൻസ് കമ്പനി ലിമിറ്റഡ് - ₹ 9438.82 |
| (സി) | ഇപ്പോൾ കരാറിൽ ഏർപ്പെട്ടിട്ടുള്ള കമ്പനി ആർ.എസ്.ബി.വൈ. പദ്ധതിയിലൂടെ സർക്കാർ ആശുപത്രികൾക്ക് വൻതുക കുടിശ്ശിക വരുത്തിയതായ വാർത്ത ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ; | ശ്രദ്ധയിൽപ്പെട്ടിട്ടുണ്ട്. |
| (ഡി) | കരാറുകാരൻ നൽകേണ്ട സേവനം നൽകാതെ വരുന്ന സാഹചര്യത്തിൽ എന്ത് പിഴ ക്ലോസാണ് കരാറിൽ ഉൾപ്പെടുത്തിയിരിക്കുന്നതെന്ന് വ്യക്തമാക്കുമോ; ഇല്ലെങ്കിൽ ആയത് ഉൾപ്പെടുത്താൻ നടപടി സ്വീകരിക്കുമോ? | കരാർ വ്യവസ്ഥകൾ ലംഘിക്കുന്ന പക്ഷം ഇൻഷ്വറർ താഴെപ്പറയുന്ന പിഴ വ്യവസ്ഥകൾക്ക് വിധേയമാകുന്നതാണ്.<br>ക്ലെയിം സർവ്വീസിംഗ് - ക്ലെയിം തീർപ്പാക്കുന്നതിന് അനുവദിക്കപ്പെട്ടിട്ടുള്ള 15 ദിവസത്തെ സമയപരിധി അധികരിക്കുന്ന പക്ഷം ക്ലെയിം തുകയുടെ 1% (15 ദിവസം |

| | | |
|---|---|---|
| | | കഴിഞ്ഞ് ഒരാഴ്ച വരെ) ഇൻഷ്വറർ നേരിട്ട് ആശുപത്രികൾക്ക് നൽകേണ്ടതാണ്. സംസ്ഥാനത്തിന് പുറത്തുനിന്നും എംപാനൽ ചെയ്യപ്പെട്ട ആശുപത്രികളുടെ വിഷയത്തിൽ ആയതിന്റെ സമയപരിധി 30 ദിവസമായിരിക്കും.<br>പരാതിപരിഹാര സംവിധാനം - പരാതി പരിഹാര കമ്മിറ്റിയുടെ തീരുമാനം 30 ദിവസത്തിനകം നടപ്പാക്കേണ്ടതാണ്. ആയതിൽ വീഴ്ച വരുത്തുന്ന പക്ഷം ആദ്യ മാസത്തിൽ ഓരോ തീരുമാനത്തിനും 25000/- രൂപ നിരക്കിലും തുടർന്നുള്ള മാസങ്ങളിൽ പ്രതിമാസം 50000/- രൂപ നിരക്കിലും ഇൻഷ്വറർ പിഴ ഒടുക്കേണ്ടതാണ്. ഈ തുക അതോറിറ്റി (സംസ്ഥാന ഗവൺമെന്റ്) യിലേക്കാണ് ഒടുക്കേണ്ടത്.<br>മേൽപ്പറഞ്ഞവയ്ക്ക് പുറമേ പദ്ധതി വ്യവസ്ഥകൾ, കരാർ വ്യവസ്ഥകൾ എന്നിവയുടെ ലംഘനം മൂലം പദ്ധതി നടത്തിപ്പ് തടസ്സപ്പെടുന്ന സാഹചര്യത്തിൽ പരമാവധി വാർഷിക പദ്ധതി തുകയുടെ 75% വരെ ഇൻഷ്വറർ പിഴ ഒടുക്കേണ്ടതാണെന്നും വ്യവസ്ഥ ചെയ്തിട്ടുണ്ട്. |

**സെക്ഷൻ ഓഫീസർ**